പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2793 **28-10-2026-ൽ മറുപടിയ്ക്ക്**

അനുയാത്ര പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികളും പരിശീലനങ്ങളും ലഭ്യമാക്കുന്നതിനായി അനുയാത്ര പദ്ധതിയുടെ ഭാഗമായി ആരംഭിച്ച മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകളുടെ (MCRC) പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

മറുപടി:

ജനറൽ സ്കൂളുകളിൽ ഉൾപ്പെടുത്തി പരിശീലനം നൽകാൻ സാധിക്കാത്ത കുട്ടികൾക്ക് അനിവാര്യമായ പരിശീലനം, തെറാപ്പി എന്നിവ മാതൃകാ ശിശുപുനരധിവാസ കേന്ദ്രങ്ങൾ നൽകുന്നു. ശാസ്ത്രീയപരമായ വികസനത്തിനായി തെറാപ്പി, വിദ്യാഭാസ പരിപാലന പ്രവർത്തനങ്ങൾ, കുട്ടികളുടെ മാതാപിതാക്കളെ ശക്തിപ്പെടുത്തുക, കുട്ടികളുടെ വിദ്യാഭാസം, പോഷണം, ആരോഗ്യം, സമഗ്രവികസനം, എന്നിവ ഉൾപ്പെടുത്തുന്ന പദ്ധതികൾ നടപ്പിലാക്കൽ, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ തുടങ്ങിയവ ഉൾക്കൊള്ളിച്ചുള്ള വ്യക്തിഗതമായ പരിപാലന പ്രവർത്തനങ്ങൾ എന്നിവയാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് വിഭാവനം ചെയ്തിട്ടുള്ള മാതൃകാ ശിശുപുനരധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ ഭിന്നശേഷി സൗഹൃദ സംവിധാനങ്ങളോടെയും ആധുനിക സൗകര്യങ്ങളോടെയും കൂടിയ എം.സി.ആർ.സി. സെന്റർ ആരംഭിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള തെറാപ്പികൾക്ക് ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും പ്രസ്തുത സെന്ററിൽ ലഭ്യമാക്കിയിട്ടുണ്ട്. എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് (2 കോടി രൂപ) വിപുലീകരണ പ്രവർത്തനങ്ങൾ എം.സി.ആർ.സി. -യിൽ നടന്നു വരുന്നു.

(ബി) പ്രസ്തുത സെന്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള എക്സിറ്റ് പോളിസിയെക്കുറിച്ച് വിശദമാക്കാമോ;

മറുപടി: മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ (MCRC) നടത്തിപ്പുമായി ബന്ധപ്പെട്ട് എക്സിറ്റ് പോളിസിയെക്കുറിച്ചുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന ഒരു രൂപരേഖ (ഗൈഡ് ലൈൻ) തയ്യാറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) മട്ടന്നൂർ നഗരസഭയിലെ ബഡ്സ് സ്കൂളിനെ എം.സി.ആർ.സി. ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; ഈ സ്ഥാപനത്തിന് എന്തൊക്കെ പിന്തുണ നൽകാനാകുമെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> മട്ടന്നൂർ നഗരസഭയിലെ ബഡ്സ് സ്കൂളിനെ എം.സി.ആർ.സി. ആയി പ്രവർത്തിക്കുന്നതിനു ആവശ്യമായ ഭൗതീക സാഹചര്യങ്ങളും, മാനവ വിഭവശേഷിയും നിലവിൽ ഒരുക്കിയിട്ടുണ്ട്. മട്ടന്നൂർ നഗരസഭയുടെ 18-09-2026-ൽ ചേർന്ന മട്ടന്നൂർ മുനിസിപ്പാലിറ്റി കൗൺസിലിന്റെ 13 –ാം നമ്പർ തീരുമാന പ്രകാരം എം.സി.ആർ.സി. ആയി പ്രവർത്തിക്കും എന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത നഗരസഭാ തീരുമാനം ഉൾപ്പെടുത്തിയ പ്രൊപ്പോസൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ